നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 24, ചൊവ്വ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 1985 സെപ്റ്റംബർ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. അടിയന്തിര പ്രാധ്യം

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

ബി.എഡ്. കോഴ്സ് സെന്ററുകൾ

* 208 [6] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല നേരിട്ട്, കോഴിക്കോട്ടും കണ്ണൂരിലും നടത്തിവരുന്ന ബി.എഡ്. കോഴ്സ് സെന്ററുകൾ സ്ഥിരം സംവിധാനമായി നിലനിർത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ബി) ഈ സെന്ററുകൾ 'ടീച്ചർ എഡ്യൂക്കേഷൻ ആൻറ് എക്സ്റ്റൻഷൻ സർവ്വീസ്' എന്ന ഒരു ഡിപ്പാർട്ടുമെൻറിന്റെ കീഴിലാക്കണമെന്നും ഒരു എം.എഡ്. സെഷണൽ കോഴ്സ് തുടങ്ങണമെന്നും സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നുവോ;

(സി) പ്രതിവർഷം എണ്ണൂറുപേർക്ക് പരിശീലനം നൽകാൻ പര്യാപ്തമായ സ്ഥിരം കെട്ടിടവും സ്റ്റാഫും യു.ജി.സി. ഗ്രാൻറും ലഭ്യമാക്കാത്തതുകൊണ്ട്, ഇത് സ്ഥിരമായ ഒരു സംവിധാനമായി നിലനിർത്തുന്നതിന് ആവശ്യമായ ധനസഹായം സംസ്ഥാന സർക്കാർ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനെന്തു ചെലവുവരും;

(ഇ) ഒരു ട്രെയിനിംഗ് കോളേജിന് സർക്കാർ നൽകിവരുന്ന വാർഷിക ഗ്രാൻറ് എത്രയാണ്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) കോഴിക്കോട് സർവ്വകലാശാല നടത്തുന്ന ബി.എഡ്. കോഴ്സ് സെൻററുകളും ഒരു താൽക്കാലിക സംവിധാനമാണ്. അത് സ്ഥിരം സംവിധാനമാക്കുന്നതിനെപ്പററി യൂണിവേഴ്സിറ്റിയാണ് പരിഗണിക്കേണ്ടത്. അവർ അതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) ഇല്ല

(സി) 'എ' യുടെ ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല

(ഇ) ഗ്രാൻറിൻെറ വിവരം ചുവടെ ചേർക്കുന്നു:

(1) കണ്ടിൻജൻസി ഗ്രാൻറ്: ഓരോ വിദ്യാർത്ഥിക്കും 10 രൂപവീതം കണ്ടിൻജൻസി ഗ്രാൻേറാ യഥാർത്ഥ ചിലവോ ഏതാണ് കുറവ് അത്.

(2) മെയിൻറനൻസ് ഗ്രാൻറ്: ഓരോ വിദ്യാർത്ഥിക്കും 12 രൂപ നിരക്കിലോ യഥാർത്ഥ ചിലവോ ഏതാണ് കുറവ് അത്.

(3) ലൈബ്രറി ഗ്രാൻറ്: ഓരോ വിദ്യാർത്ഥിക്കും 10 രൂപ നിരക്കിലോ ലൈബ്രറി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ ഫീസ് പിരിവിനുപരിയായി ചെലവായ തുകയോ ഏതാണ് കുറവ് ആ തുക.

(4) ലാബറട്ടറി ഗ്രാൻറ്: ഓരോ കോളേജിനും 1000 രൂപ വീതമോ ലാബറട്ടറി സംബന്ധമായി ഫീസ് പിരിവിനു ഉപരിയായി ചെലവായ തുകയോ ഏതാണ് കുറവ് ആ തുക.

ശ്രീ. എം.വി. രാഘവൻ: ഈ സെൻററുകളും 'ടീച്ചർ എഡ്യൂക്കേഷൻ ആൻറ് എക്സ്റൻഷൻ സർവ്വീസ്' എന്ന ഒരു ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കണമെന്നും ഒരു എം.എഡ്. സെക്ഷണൽ കോഴ്സ് തുടങ്ങണമെന്നും സിൻഡിക്കേറ്റ് തീരുമാനിച്ചുവോ, അത് ഗവൺമെൻറ് അംഗീകരിച്ചുവോ എന്നാണ് ചോദ്യം. ഇല്ലെന്നാണ് മറുപടി പറയുന്നത്.

ശ്രീ. ടി.എം. ജേക്കബ്: ഇതിപ്പോഴും ഒരു പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലാണ് നടക്കുന്നത്. ഒരു സെപ്പറേറ്റ് ഡിപ്പാർട്ടുമെൻറായിട്ട് രൂപീകരിക്കാൻ യൂണിവേഴ്സിറ്റി ഇതുവരെ തീരുമാനമെടുത്തിട്ടില്ല. എം.എഡ്. കോഴ്സ് സെക്ഷണൽ സമ്പ്രദായത്തിൻെറ കീഴിൽ ആരംഭിക്കണമെന്ന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

ശ്രീ. എം.വി. രാഘവൻ: സ്ഥിരമാക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി തീരുമാനിച്ചുവെന്നും ഗവൺമെൻറ് അംഗീകരിച്ചില്ല എന്നതുമല്ലേ വാസ്തവം? ഇവിടെ കേരളാ യൂണിവേഴ്സിറ്റിയിൽ 14 ട്രെയിനിംഗ് കോളേജുകളുള്ളപ്പോൾ കാലിക്കട്ടിൽ ആകെ അഞ്ചു ട്രെയിനിംഗ് കോളേജാണുള്ളത്. ചുരുങ്ങിയത് 5000 ആളുകളെങ്കിലും മലബാർപ്രദേശത്തുനിന്നും മൈസൂർപോലെയുള്ള പ്രദേശത്തുപോവുകയാണ്. അർഹതപ്പെട്ട മുർക്കുള്ള കുട്ടികൾക്ക് ഗവൺമെൻറ് ട്രെയിനിംഗ് കോളേജുകൾ ഇല്ലാത്തതുകൊണ്ട് പഠിക്കാൻ സാധിക്കുന്നില്ല. ഇതെല്ലാം പരിഗണിച്ച് അതൊരു സ്ഥിരം കോഴ്സാക്കി മാററാൻ ഗവൺമെൻറ് നടപടിയെടുക്കുമോ?

LIBRARY ARCHIVES-Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: പുതിയ കോഴ്സ് ആരംഭിക്കുന്നതിനെ സംബന്ധിച്ചും അത് എങ്ങനെ നടത്തണമെന്നുള്ളതിനെ സംബന്ധിച്ചും തീരുമാനമെടുക്കേണ്ടത് യൂണിവേഴ്സിറ്റിയാണ്. ഒരു സെഷണൽ സമ്പ്രദായം എന്നുള്ള നിലയിൽ കാലിക്കട്ട്, കണ്ണൂർ എന്നീ രണ്ടു സെന്ററുകളിലും 400 കുട്ടികളെ വീതം എടുക്കുവാനുള്ള തീരുമാനമെടുത്തു. അങ്ങനെ ഈ രണ്ടു സെന്ററുകളും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എം.എഡ് കോഴ്സ് ഈ സെഷണൽ സമ്പ്രദായത്തിന്റെ കീഴിൽ തുടങ്ങണമെന്നുള്ളതിനെ സംബന്ധിച്ച് യൂണിവേഴ്സിറ്റി ഇതുവരെ തീരുമാനമെടുത്തിട്ടില്ല. യൂണിവേഴ്സിറ്റി ഇങ്ങനെ തീരുമാനമെടുക്കരുതെന്ന് ഗവൺമെന്റ് പറഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റി തീരുമാനമെടുത്തതിനുശേഷം ഗവൺമെന്റിലേക്ക് അറിയിച്ചിട്ട് ഗവൺമെന്റ് എന്തെങ്കിലും തടസ്സം ഈ കാര്യത്തിൽ ഉന്നയിച്ചിട്ടില്ല. യൂണിവേഴ്സിറ്റി ബി.എഡ്. കോഴ്സ് ആരംഭിച്ചതിനുശേഷം യു.ജി.സി.യിൽ നിന്നോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിൽനിന്നോ ഏതെങ്കിലും വിധത്തിലുള്ള സഹായത്തിന് ഇതുവരേയും അഭ്യർത്ഥന മുന്നോട്ടു വച്ചിട്ടുമില്ല.

ശ്രീ. എം.വി. രാഘവൻ: മലബാർ പ്രദേശത്തിന്റെ സ്ഥിതി പരിഗണിച്ച് ഗവൺമെന്റിന് അത് ശരിയാണെന്നു തോന്നുന്നുവെങ്കിൽ യൂണിവേഴ്സിറ്റിയോട് അഭ്യർത്ഥിച്ചുകൂടേ?

ശ്രീ. ടി.എം. ജേക്കബ്: പുതിയ ട്രെയിനിംഗ് കോളേജ് തുടങ്ങണമെന്നു ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ തുടങ്ങുന്ന അവസരത്തിൽ തീർച്ചയായും കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കാര്യംകൂടി പരിഗണിക്കുന്നതാണ്. യൂണിവേഴ്സിറ്റികളാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഗവൺമെന്റ് തടസ്സം പറഞ്ഞിട്ടില്ല. കാരണം ഗവൺമെന്റിന്റെ പ്രതിനിധികളും സിൻഡിക്കേറ്റിലുണ്ട്. ആ സിൻഡിക്കേറ്റ് സമിതികളാണ് തീരുമാനമെടുത്തിരിക്കുന്നത്. ഗവൺമെന്റ് ഇതിനകത്ത് തടസ്സമൊന്നും പറഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റിക്ക് അത് ഗുണകരമാണെന്ന് ചിന്തിക്കുന്നുവെങ്കിൽ അവർ ആ നിലയ്ക്ക് ചിന്തിക്കട്ടെ. ഗവൺമെന്റ് പ്ലാനിലും നോൺപ്ലാനിലും ഗ്രാന്റ് കൊടുക്കുന്നുണ്ട്. ആ ഗ്രാന്റ് അവർക്ക് ഇതുപോലെയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കാം. ഞാൻ ആദ്യം സൂചിപ്പിച്ച തരത്തിലുള്ള ഫീസും മറ്റു സൗകര്യങ്ങളും ഗവൺമെന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. വി. ദിനകരൻ: ബി.എഡ്. കോഴ്സിനു അഡ്മിഷൻ കിട്ടുന്നതിനുവേണ്ടി കർണ്ണാടകംപോലുള്ള സംസ്ഥാനങ്ങളിൽ ഭീമമായ സംഖ്യ കൊടുക്കേണ്ടിവരുന്നുണ്ട്. ആ ഒരു പ്രത്യേക സാഹചര്യം പരിഗണിച്ച് ബി.എഡ്. കോഴ്സ് കേരള സർവ്വകലാശാലയുടേയും കാലിക്കട്ട് സർവ്വകലാശാലയുടേയും അഭിമുഖ്യത്തിൽ നടത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോ? സർവ്വകലാശാല ഇതിനെ സംബന്ധിച്ച് വല്ല ശുപാർശയും ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: ഈ കോഴ്സ് ഒരു പ്രത്യേക സംവിധാനത്തിലാണ്. ഒരു സെഷണൽ സംവിധാനം എന്നുള്ള നിലയിൽ പ്രവർത്തിക്കുകയാണ്. 9 മാസത്തെ കോഴ്സാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പുതിയ ട്രെയിനിംഗ് കോളേജ് തുടങ്ങുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചാണ്. യൂണിവേഴ്സിറ്റികൾ കിട്ടിയ അപേക്ഷ ഗവൺമെൻറിലേക്ക് അയച്ചിട്ടുണ്ട്. ഗവൺമെൻറ് ആ കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. ഏതായാലും ട്രെയിനിംഗ് കോളേജുകൾ കൂടി തുടങ്ങണമെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്വകാര്യമേഖലയിൽ ബി.എഡ്. കോളേജുകൾ ആരംഭിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മാളയിൽ ഒരു സ്വകാര്യ ബി.എഡ്. കോളേജ് തുടങ്ങുന്നതിന് അനുമതി നൽകുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്വകാര്യമേഖലയിൽ ബി. എഡ്. കോളേജുകൾ തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. അത് എവിടെയെല്ലാം തുടങ്ങണമെന്നുള്ളതിനെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. കെ.സി. ജോസഫ്: മലബാർ പ്രദേശത്ത് ട്രെയിനിംഗ് കോളേജുകളുടെ അപര്യാപ്തതമൂലം വളരെ വ്യാപകമായി അവിടെയുള്ള വിദ്യാർത്ഥികൾ കർണ്ണാടകയിലും മറ്റുമുള്ള വ്യാജ കോഴ്സുകൾ പഠിക്കേണ്ട ഗതികേടുണ്ട്. കേരളായൂണിവേഴ്സിറ്റിയിലാണെങ്കിൽ ഏതാണ്ട് 12-ഓളം ട്രെയിനിംഗ് കോളേജുകളുണ്ട്. മലബാർ മേഖലയിൽ ട്രെയിനിംഗ് കോളേജുകളുടെ അപര്യാപ്തത പരിഗണിച്ച് ദയവായി കോഴിക്കോട് യൂണിവേഴ്സിറ്റി അതിർത്തിയിൽ പുതിയ ട്രെയിനിംഗ് കോളേജ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നടത്തുന്ന ഇപ്പോഴത്തെ ഈ കോഴ്സിൽ ഓരോ വർഷവും 800 കുട്ടികളെവീതം പ്രവേശിപ്പിക്കുന്നുണ്ട്. 1982-ൽ ആരംഭിച്ചതാണ്. ഇപ്പോഴും കൂടുതൽ കുട്ടികൾക്ക് അവിടെ പ്രവേശനം കിട്ടാനുള്ള സാദ്ധ്യതയുണ്ട്. എന്തായാലും ട്രെയിനിംഗ് കോളേജ് തുടങ്ങുമ്പോൾ തീർച്ചയായും മലബാറിന് മുൻഗണന നൽകുന്നതാണ്.

ശ്രീ. സി. വാസുദേവമേനോൻ: യൂണിവേഴ്സിറ്റിയാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നു പറഞ്ഞു. പല കോഴ്സുകളും ആരംഭിക്കുന്നതിന് സൗകര്യമില്ല എന്നു യൂണിവേഴ്സിറ്റികൾ നിർദ്ദേശിച്ചിട്ടും ഗവൺമെൻറ് അവിടെ കോഴ്സ് തുടങ്ങണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. ആ നിലയ്ക്ക് മലബാറിന്റെ പ്രത്യേക സ്ഥിതി പരിഗണിച്ച് അത് കണ്ടിന്യൂ ചെയ്യുന്നതിനും, സ്ഥിരമായ ഒരു സംവിധാനമാക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ? പ്രത്യേകിച്ച് മലബാർപ്രദേശത്ത് ട്രെയിനിംഗ് കോളേജുകളില്ലാത്ത പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഓപ്പറേറ്റ് മേഖലയിൽ കൊടുക്കാതെ ഗവൺമെൻറിന്റെ കീഴിൽ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇപ്പോൾ നടത്തിവരുന്ന ബി.എഡ്. ഓഫ്ഷൽ കോഴ്സിനെ സംബന്ധിച്ചുതന്നെ യൂണിവേഴ്സിറ്റി സിണ്ടിക്കേറ്റ് കമ്മിറ്റിയിൽനിന്ന് രണ്ടഭിപ്രായം ഉയർന്നുവന്നിരിക്കുകയാണ്. ഇങ്ങനെയൊരു ട്രെയിനിംഗ് കോഴ്സ് എന്നുള്ള നിലയിൽ ട്രീച്ചിംഗിനുള്ള സൗകര്യം കൂടിയുണ്ടാകണം. ബി.എഡ്. കോളേജുകളിൽ അങ്ങനെയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അതറിയാം. കോളേജിനോടനുബന്ധമായിത്തന്നെ കുട്ടികളെ പഠിപ്പിക്കാനുള്ള സൗകര്യം സ്കൂളു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ ക്രമീകരിക്കും. അങ്ങനെയുള്ളിടത്താണ് ട്രെയിനിംഗ് കോളേജുകൾ നടത്തുന്നത്. ഇതൊരു സ്ഥിരം സംവിധാനമാക്കണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറല്ല തീരുമാനമെടുക്കേണ്ടത്. യൂണിവേഴ്സിറ്റിക്ക് ആ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ട്രെയിനിംഗ് കോളേജ് ആരംഭിക്കുമ്പോൾ തീരെയില്ലാത്ത മലബാർ പ്രദേശത്തിന് മുൻഗണന നൽകുമെന്ന് മന്ത്രി പറഞ്ഞു. അപ്പോൾ വയനാട്പോലെയുള്ള ജില്ലയിൽ ഒരു ട്രെയിനിംഗ് കോളേജുപോലുമില്ല. ടി. ടി. സി. ക്ക് ആണെങ്കിൽ ഒരു പ്രൈവറ്റ് സ്കൂളുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ വയനാടിന് പ്രത്യേകമായ പരിഗണന നൽകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഓരോ പ്രദേശത്തുനിന്നും എവിടെയൊക്കെയാണ് അപേക്ഷിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽനിന്ന് പത്ത് അപേക്ഷകൾ ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. അതിനകത്ത് ഈ പ്രദേശമുണ്ടോ എന്നുള്ളത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. സി.കെ. ചക്രപാണി: കേരളാ യൂണിവേഴ്സിറ്റിയിലാകെ 14 ട്രെയിനിംഗ് കോളേജുകളാണുള്ളത്. മലബാർ പ്രദേശത്ത് കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലാണെങ്കിൽ അഞ്ചെണ്ണമാണുള്ളത്. ഈ ഒരു സ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് 13-6-1984-ൽ ഒരു സെൻറർ തുടങ്ങുന്നതിനുവേണ്ടി കാലിക്കട്ട് യൂണിവേഴ്സിറ്റി തീരുമാനിച്ചത്. ഗവൺമെൻറ് അതിന് അംഗീകാരം കൊടുക്കുന്നതിനുമുമ്പ് മന്ത്രി ഇവിടെ പറഞ്ഞു സ്വകാര്യമേഖലയിൽ ഇത് തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ട്, സ്ഥലമെവിടെയാണെന്ന് നിശ്ചയിച്ചിട്ടില്ല എന്ന്. മലബാറിലെ ഇന്നത്തെ സ്ഥിതിയനുസരിച്ച് അവിടെ കൂടുതൽ കോളേജുകൾ തുടങ്ങുന്നതിനുള്ള നടപടികളെടുക്കുമോ? സ്വകാര്യമേഖലയിൽ തുടങ്ങുമെന്ന് നിങ്ങൾ പറഞ്ഞല്ലോ. അത് ആരെ സഹായിക്കാനാണെന്നുള്ളത് ഞങ്ങൾക്ക് നന്നായി അറിയാം. പക്ഷേ മലബാറിനെ അവഗണിച്ചുകൊണ്ടുള്ള സ്ഥിതി ഒഴിവാക്കാൻ എന്തു ചെയ്യാൻകഴിയും?

ശ്രീ. ടി.എം. ജേക്കബ്: ആവശ്യമില്ലാത്ത ഓരോ പ്രതിപാദനങ്ങളാണ്. കോളേജുകളുടെ സ്ഥിതി പരിശോധിച്ചാൽ 80 ശതമാനത്തിൽ കൂടുതൽ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അത് ഈ ഗവൺമെൻറ് വന്നതിനുശേഷം ഉണ്ടായ സ്ഥിതിവിശേഷമല്ല. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അതറിയാം. അമിതമായി സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു തീരുമാനം ഈ ഗവൺമെൻറ് എടുത്തിട്ടില്ല. കോളേജുകൾക്ക് അപേക്ഷിച്ചിരിക്കുന്നതിൽ മുഖ്യപങ്കും, എല്ലാ യൂണിവേഴ്സിറ്റികളും ശുപാർശ ചെയ്തിരിക്കുന്നതിൽ മുഖ്യപങ്കും സ്വകാര്യമേഖലയിലേക്കാണ്. ഈ ഗവൺമെൻറ് വന്നതിനുശേഷം കോളേജുകൾ ആരംഭിച്ച അവസരത്തിലും കോഴ്സുകൾ കൊടുത്ത അവസരത്തിലും ഗവൺമെൻറ് സെക്ടറിൽ അപേക്ഷിച്ചതായിട്ടുള്ള കോളേജുകളും കോഴ്സുകളും ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. അങ്ങനെയൊരു സമീപനമാണ് ഗവൺമെൻറ് ഈ കാര്യത്തിലൊക്കെ സ്വീകരിച്ചിരിക്കുന്നത്. എന്നാണെങ്കിലും സ്ഥാപനങ്ങൾ കൊടുക്കുന്ന സാഹചര്യത്തിൽ മലബാറിന് തീർച്ചയായും പരിഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിൽ അനുവദിച്ച ബി. എഡ്. കോഴ്സ് സെൻറിനെതിരായി ആ കോഴ്സ് എന്തുവന്നാലും തുടരാൻ അനുവദിക്കുകയില്ല എന്ന് കേരളത്തിലെ സ്വകാര്യകോളേജു മാനേജ്മെൻറുകളും സ്വകാര്യവിദ്യാഭ്യാസ കച്ചവടക്കാരും പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് യൂണിവേഴ്സിറ്റിയുടെ ഈ കോഴ്സ് തുടർന്നു നടത്തുന്നതിനുവേണ്ടി ഗവൺമെൻറ് ഒരു നയമായി സ്വീകരിച്ച് മറ്റു സർവ്വകലാശാലകൾക്കുകൂടി ബാധകമാക്കുന്നതിനുള്ള ഒരു സമീപനം സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: സ്വകാര്യ മാനേജുമെൻറുകൾ നടത്താൻ സമ്മതിക്കുകയില്ല എന്ന ഒരു നിലപാട് സ്വീകരിച്ചതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാണെങ്കിലും യൂണിവേഴ്സിറ്റിയാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ആദ്യം കാലിക്കട്ടിൽ ആരംഭിച്ച ഈ സെഷണൽ സമ്പ്രദായം പിന്നീട് കണ്ണൂരിൽകൂടി ആരംഭിക്കണമെന്ന് വിചാരിച്ച് ഇങ്ങനെയൊരു സെൻറർ തുടങ്ങുന്നതിനുള്ള തീരുമാനം കാലിക്കട്ട് യൂണിവേഴ്സിറ്റി എടുക്കുകയും അങ്ങനെ രണ്ടു സെൻററുകൾ പ്രവർത്തിച്ചുവരികയും ചെയ്യുകയാണ്. കേരളാ യൂണിവേഴ്സിറ്റി ഈ കാര്യത്തിൽ അനൗദ്യോഗികമായി ചർച്ച നടത്തിയെന്നും ഇതുപോലെ സെഷണൽ സമ്പ്രദായം നടത്തേണ്ട ആവശ്യമില്ലെന്ന് തീരുമാനമെടുത്തുവെന്നുമാണ് ഞാൻ അനൗദ്യോഗികമായി മനസ്സിലാക്കുന്നത്.

Dr. A. Subha Rao: Sir, as there are no trained B.Ed. Kannada hands at present to be posted as H.S. As. and as a number of unemployed Post Graduate (M.A.) Kannada hands are available, will the Government consider relaxation of rules so that these unemployed Post Graduate (M.A.) can be posted as H.S. As.?

ശ്രീ. ടി.എം. ജേക്കബ്: സ്കൂളുകളിൽ എച്ച്.എസ്.എ. മാരായി നിയമനം കിട്ടുന്നതിന് ബി.എഡ്. ഡിഗ്രി ആവശ്യമാണ്. അങ്ങനെയാണ് നമ്മുടെ കെ.ഇ.ആറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് എം.എ. ഡിഗ്രിയുള്ള ആളുകളെ എച്ച്.എസ്.എ. മാരായിട്ട് നിയമിക്കുന്നതിന് സാധിക്കുമോയെന്നാണ്. അദ്ദേഹം എൻറെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തിയിട്ടുണ്ട്. കന്നട ഭാഷയിൽ എം.എ. ബിരുദം കരസ്ഥമാക്കിയ ആളുകൾ, ഉണ്ടെങ്കിൽ അവരുടെ കാര്യം എങ്ങനെ പരിഗണിക്കാമെന്നുള്ളതും പരിശോധിച്ചുവരികയാണ്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: സ്വകാര്യമേഖലയിൽ മുമ്പ് കൊടുത്തെന്നോ ഇല്ലെന്നോയുള്ളതെല്ലാം മാറ്റിവച്ച് സ്വകാര്യ കോളേജുകളിൽ ട്രെയിനിംഗിനു പോകുന്ന ആളുകൾക്ക് വമ്പിച്ച സംഖ്യ കൊടുക്കേണ്ടിവരുന്നുവെന്ന വസ്തുത ഗവൺമെൻറിനുതന്നെ നിഷേധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കഴിയുന്നതും പൊതുമേഖലയിൽകൊണ്ടുവരാൻ വേണ്ടി പരിശ്രമിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: അങ്ങനെയാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: സർ, ഞാൻ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു.....(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ രാവിലെ ചേമ്പറിൽ വന്നപ്പോഴത്തന്നെ ചെയർ പറഞ്ഞതാണ്, പ്രഥമ പരിശോധനയിൽ അതിന് പ്രാധാന്യമുള്ളതായി ചെയറിന് ബോദ്ധ്യപ്പെട്ടിട്ടില്ല, അതുകൊണ്ട് അനുവദിച്ചിട്ടില്ലയെന്ന്. (ബഹളം)

II. ശ്രദ്ധ ക്ഷണിക്കൽ

(1) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കേശവപുരം ആശുപത്രിയിൽ ഡോക്ടർമാരില്ലാത്തതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ചികിൽസാസൗകര്യങ്ങൾ കുറവായതുകൊണ്ട് പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരേയൊരു ഗവൺമെൻറാശുപത്രിയാണ് കേശവപുരത്തുള്ളത്. ആ ഗവൺമെൻറാശുപത്രി പ്രൈമറി ഹെൽത്ത് സെൻറർ അപ്ഗ്രേഡ് ചെയ്തതാണ്. അവിടെ ഏഴ് ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്. ഇന്ന് ആറ് തസ്തികകളിൽ മാത്രമേ നിയമനം നടത്തിയിട്ടുള്ളു. ഒരു തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അതിൽ ഒരാൾ ലോങ്ങ് ലീവിലാണ്. അഞ്ചൽ പ്രൈവറ്റ് ആശുപത്രിയിലുള്ള ഒരു ഡോക്ടറെ നിയമനം നടത്തിയശേഷം അദ്ദേഹം ലീവ് എടുത്തിരിക്കുന്നു. സർജിക്കൽ സ്പെഷ്യലിസ്റ്റാണെന്നാണ് പറയുന്നത്. മറെറാരു ഡോക്ടർ ഉണ്ട്, ചൈൽഡ് സ്പെഷ്യലിസ്റ്റ് മിസ്സിസ് സുലേഖ മരയ്ക്കാർ. അവർ ലീവ് എടുത്തു. ജോയിൻ ചെയ്തതിനുശേഷം വീണ്ടും ലീവെടുത്തു. ഇപ്പോൾ ലോങ്ങ് ലീവെടുത്തിരിക്കുന്നുവെന്നാണ് പറഞ്ഞുകേട്ടത്. മറെറാരു ഡോക്ടറാണ് ഗോപകുമാർ. ആഗസ്റ്റ് 10-ാം തീയതി മുതൽ ആ ഡോക്ടറെക്കുറിച്ച് യാതൊരു വിവരവുമില്ല. അദ്ദേഹം ആശുപത്രിയിൽ ചെല്ലാറില്ല. ലീവ് എടുത്തിട്ടുമില്ല. അദ്ദേഹം ഡി.എം.ഒ. ഓഫീസുമായി നേരിട്ടാണ് ഇടപാട്. ലീവ് എടുക്കുകയും ലീവ് എക്സ്റ്റൻറ് ചെയ്യുകയും എല്ലാം ചെയ്യുന്നത് ഡി. എം. ഒ. ഓഫീസിലാണ്. ഇപ്പോൾ അൺ ഓതറൈസ്ഡ് ആബ്സെൻസാണ്. ഇന്നുവരെ ഡിപ്പാർട്ടുമെൻറ് യാതൊരു നടപടിയും അയാൾക്കെതിരെ എടുത്തിട്ടില്ല. യഥാർത്ഥത്തിൽ ജോലി ചെയ്യാൻ ഇപ്പോൾ വെറും മൂന്നു ഡോക്ടർമാരാണ് ഉള്ളത്. അതിൽ ഒരാൾ എംപ്ലോയ്മെൻറ് ഹാൻഡാണ്. ഈ റിസർവേഷൻ മണ്ഡലം സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. ആ പ്രദേശത്തുള്ള ഒരേയൊരു ഗവൺമെൻറാശുപത്രിയാണിത്. ആ ആശുപത്രിയിലെ ഡോക്ടർമാരിൽ ബഹുഭൂരിപക്ഷം പേരും ആശുപത്രിയിൽ ഹാജരാകുന്നില്ല. ലീവ് എടുത്തുപോകുന്നു. ലോങ്ങ് ലീവെടുക്കുന്നു. പ്രൈവറ്റ് ആശുപത്രികൾ നടത്തുന്നു. ഒരു നടപടിയും ഇന്നുവരെ സർക്കാർ എടുത്തിട്ടില്ല. അവിടെ ആവശ്യത്തിനുള്ള മരുന്നില്ല. സർജിക്കൽ കോട്ടൺ ഇല്ല. ആകെ

LIBRARY ARCHIVES Kerala Legislative Assembly